പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1117** — **30.01.2018-ൽ**

**മറുപടിയ്ക്ക്**

## പി.ഡബ്ല്യൂ.ഡി റോഡ് കയ്യേറ്റം ഒഴിപ്പിച്ചെടുക്കുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.യു.ആർ.പ്രദീപ്** | **ശ്രീ.ജി.സുധാകരൻ**<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ പല പി.ഡബ്ല്യൂ.ഡി റോഡുകളിലും സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും സ്ഥലം കയ്യേറി മതിൽ കെട്ടിയും കെട്ടിടങ്ങളുടെ മുൻ വശങ്ങൾ ഇറക്കി പണിതും ഉപയോഗിക്കുന്നതുമൂലം ഗതാഗത തടസ്സവും, റോഡ് പുനരുദ്ധാരണ സമയം കയ്യേറ്റം ഒഴിപ്പിക്കുന്നതിനും മറ്റുമായി അനാവശ്യമായ കാലതാമസം ഉണ്ടാകുന്നതും പൊതുമരാമത്ത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിനു സാമൂഹ്യ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പിന്തുണ കിട്ടുന്നില്ല പലയിടത്തും. കിട്ടുന്നിടത്ത് ഇത് നടപ്പാക്കും. |
| (ബി) ഇതു പരിഹരിക്കുന്നതിന് ബന്ധപ്പെട്ട പി.ഡബ്ല്യൂ.ഡി അസിസ്റ്റന്റ് എഞ്ചിനീയർ, വില്ലേജ് ആഫീസർ, താലൂക്ക് സർവ്വെയർ എന്നിവരുടെ ഒരു സമിതി രൂപീകരിച്ച് റോഡ് കയ്യേറ്റം സമയബന്ധിതമായി ഒഴിപ്പിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഉദ്ദേശമുണ്ടോ എന്ന് അറിയിക്കാമോ; | (ബി) നിലവിൽ പി.ഡബ്ല്യൂ.ഡി അസിസ്റ്റന്റ് എഞ്ചിനീയർ ബന്ധപ്പെട്ട താലൂക്ക് സർവ്വേയർക്കും, കളക്ടർക്കും രേഖാമൂലം കൈയ്യേറ്റമുണ്ടോ എന്ന് പരിശോധിച്ച് അറിയിക്കുവാനും അവരുടെ റിപ്പോർട്ട് പ്രകാരം നിയമാനുസൃതം നോട്ടീസ് നൽകി കൈയ്യേറ്റം ഒഴിപ്പിക്കുകയുമാണ് ചെയ്യുന്നത്. സമിതിയുടെകാര്യം പരിശോധിക്കാവുന്നതാണ്. |
| (സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | (സി) ബാധകമല്ല |

സെക്ഷൻ ഓഫീസർ